# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2686

17.06.2019-ൽ മറുപടിയ്ക്ക്.

## അങ്കമാലി മണ്ഡലത്തിൽ ക്ഷീരഗ്രാമവും ഡെയറി സോണും

**ചോദ്യം**

**ശ്രീ.റോജി എം. ജോൺ**

**ഉത്തരം**

**ശ്രീ.കെ രാജു**

(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ പാറക്കടവ് പഞ്ചായത്തിൽ ക്ഷീരഗ്രാമവും അങ്കമാലി ബ്ലോക്ക് പഞ്ചായത്തിൽ ഡെയറി സോണും അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് 23.02.2018-ലെ 483/M (FAD&Z) 2018 നമ്പരായി ക്ഷീരവികസന വകുപ്പ് ഡയറക്ടർക്ക് നൽകിയ ശിപാർശയിൽ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(എ) ഡെയറി സോൺ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നില്ല. ക്ഷീരഗ്രാമം പദ്ധതിയ്ക്കായി കഴിഞ്ഞവർഷം ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത ശേഷമാണ് പാറക്കടവ് പഞ്ചായത്തിൽ ക്ഷീരഗ്രാമം നടപ്പിലാക്കണമെന്ന അപേക്ഷ ലഭിച്ചത്.

(ബി) പ്രളയം സർവ്വതും നഷ്ടമാക്കിയ അങ്കമാലി മണ്ഡലത്തിൽ പുനരുദ്ധാരണത്തിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

(ബി) അങ്കമാലി മണ്ഡലത്തിൽ 2018-19 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കിയ സ്കീമുകൾ താഴെപ്പറയുന്നു.

| ക്രമ നം. | പദ്ധതി | യൂണിറ്റ് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | കന്നുകാലി വന്ധ്യതാ നിവാരണ പ്രോഗ്രാം | | 15000 |
| 2 | വാണിജ്യപരമായ ആട്ടു വളർത്തൽ പദ്ധതി | 5 | 500000 |
| 3 | നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ - ആട്ടു വളർത്തൽ പദ്ധതി | 18 | 1069200 |
| 4 | ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് | 13 | 325000 |
| 5 | അടുക്കളമുറ്റ കോഴിവളർത്തൽ പദ്ധതി (സ്കൂൾ പൗൾട്ടി ക്ലബ്) | 9 | 292500 |
| 6 | ചാണക സംഭരണി നിർമ്മാണം | 4 | 50000 |
| 7 | പന്നി വളർത്തൽ പദ്ധതി | 2 | 100000 |

| | | | |
|---|---|---|---|
| 8 | പ്രളയാനന്തര സഹായമായി അനിമൽ ഹെൽത്ത് ക്യാമ്പ് | 5 | 100000 |
| 9 | ബ്ലോക്ക്തല വിജ്ഞാന വ്യാപന പ്രോഗ്രാം | 1 | 7000 |
| 10 | മൃഗസംരക്ഷണ മേഖലയിലെ സംരംഭങ്ങൾക്ക് വായ്പയിനത്തിലെ സബ്സിഡി സ്കീം | 1 | 5000 |
| 11 | അസ്കാഡ് സെമിനാർ | 1 | 5000 |
| 12 | നഗരപ്രദേശങ്ങളിൽ കോഴിയും കൂടും വിതരണ പദ്ധതി | 5 | 25000 |
| 13 | കന്നുകാലി ഇൻഷുറൻസ് | 305 | 348871 |
| 14 | പ്രളയദുരിതാശ്വാസ നഷ്ടപരിഹാരം | 1017 | 8232410 |

സെക്ഷൻ ഓഫീസർ